"ഭരണഭാഷ – മാതൃഭാഷ"

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ :- എം എ മുഹമ്മദ് അൻസാരി)

ഉത്തരവ് നമ്പർ : എച്ച്.ഇ.സി.ഇ/162/2023/ബി2 തീയതി-23-08-2024

വിഷയം: ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മാരുടെ 01/09/2022 തീയതി അടിസ്ഥാനമാക്കിയുള്ള ഗ്രഡേഷൻ ലിസ്റ്റ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ 58 തസ്തികകളാണുള്ളത്. ആയത് 1:1 എന്ന അനുപാതത്തിൽ 29 തസ്തികകൾ നേരിട്ടുള്ള നിയമനം വഴിയും 29 തസ്തികകൾ സ്ഥാനക്കയറ്റം വഴിയുമാണ് നികത്തേണ്ടത്. സ്ഥാനക്കയറ്റം വഴി നികത്തേണ്ട 29 തസ്തികകളിൽ ഒരു ഒഴിവ് നിലവിലുണ്ട്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽ (സിവിൽ) യോഗ്യരായവരിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് ടി ഒഴിവ് നികത്തേണ്ടത്. വകുപ്പിലെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും പൊന്നാനി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനുമായ ശ്രീമതി. രമ റ്റി. കെ. യ്ക്കാണ് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് പൊന്നാനി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി. രമ. റ്റി. കെ-യെ ₹37400-79000 ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായി സ്ഥാനക്കയറ്റം നൽകി പൊന്നാനി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

**CH I EF ENGINEER**

ഉത്തരവിൻപ്രകാരം
Signed by
Retnaraj R
Date: 23-08-2024 16:43:42
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

സ്വീകർത്താവ്

ശ്രീമതി രമ റ്റി കെ, രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (മേല്ധികാരി മുഖേന) - ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ഏത് ക്വാട്ടയിൽ തുടരാൻ ആഗ്രഹിക്കുന്നു എന്നത് സംബന്ധിച്ച ഓപ്ഷൻ പുതിയ തസ്തികയിൽ പ്രവേശിക്കുമ്പോൾ തന്നെ നൽകേണ്ടതാണ്

പകർപ്പ് :

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തര മേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം ഡിവിഷൻ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊന്നാനി സബ് ഡിവിഷൻ
4. ചീഫ് എഞ്ചിനീയറുടെ പി എ
5. ഐ റ്റി സെൽ

*ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാനുവൽ ഒപ്പ് ആവശ്യമില്ല*

IT Cell